


വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com


ഉയിർപ്പ് അഞ്ചാം ഞായർ

2022
മെയ് 15



# പ്രഘോഷകന്റെ പാദങ്ങൾ

പുറ 4:27-31, ശ്ലീഹ 12:24-13:3 ലൂക്കാ 10:1-12

നീണ്ടനാളത്തെ കാത്തിരിപ്പിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണ് വിളവെടുപ്പ് കാലം.

വിശ്രുത ജർമൻ എഴുത്തുകാരനായ ഹെർമൻ ഹെസ്സെയുടെ 'സിദ്ധാർത്ഥ' എന്ന നോവലിൽ തനിയ്ക്ക് സാധ്യമായ മൂന്ന് പ്രത്യേകതകളെ കുറിച്ച് കഥാനായകൻ പറയുന്നുണ്ട്. "എനിയ്ക്ക് ഉപവസിയ്ക്കാൻ കഴിയും, മനനം ചെയ്യാൻ കഴിയും, അതിനപ്പുറം കാത്തുനിൽക്കാൻ കഴിയും."

നിലമൊരുക്കി, ഞാറ്റുവേല കരുതി വിത്തെറിഞ്ഞ്, കള പറിച്ചും വളമിട്ടും പരിപാലിച്ചാണ് കർഷകൻ തന്റെ കാത്തിരിപ്പിന്റെ നീണ്ടകാലത്തിൽ കൊയ്ത്തിനായി ധ്യാനപൂർവ്വം ഒരുങ്ങുന്നത്. ഒരു സ്ത്രീ നീണ്ട പത്തുമാസത്തെ കാത്തിരിപ്പിനൊടുവിൽ അമ്മയാകുന്നത് പോലെ, നീണ്ട ധ്യാനത്തിന് ശേഷം പ്യൂപ്പ പൊളിച്ച് പുഴു ശലഭമാകുന്നത് പോലെ, ഏറെ മനോഹരമായ അനുഭവമാണ് അത്.

എഴുപത്തിരണ്ട് പേരെ തെരഞ്ഞെടുത്ത് അയയ്ക്കുന്ന സുവിശേഷഭാഗമാണല്ലോ നമ്മുടെ ധ്യാന വിഷയം. എഴുപത്, സുവിശേഷത്തിലെ ഒരു പ്രധാന സംഖ്യയാണ്. യഹൂദർക്കും ഏറെ പ്രിയപ്പെട്ട ഒന്ന്. പുരാതന ഇസ്രായേൽ 70 വർഷം സഹിച്ച ബാബിലോൺ വിപ്രവാസത്തെയും, സെൻഹെദ്രീൻ സംഘത്തിലെ എഴുപത് പേരെയും, പഴയ നിയമത്തിൽ മോശ തനിയ്ക്കായി തെരഞ്ഞെടുക്കുന്ന എഴുപത് ശ്രേഷ്ഠന്മാരെയും, ഏഴു എഴുപത് പ്രാവശ്യം ക്ഷമിയ്ക്കാൻ - അല്ലെങ്കിൽ അനന്തമായി ക്ഷമിയ്ക്കാൻ - ക്രിസ്തു ആവശ്യപ്പെടുന്നതിനെയും കുറിച്ചെല്ലാം നമ്മൾ പലതവണ വായിച്ചിട്ടുണ്ടല്ലോ.




സന്തോഷ് ചുങ്കത്ത്

അങ്ങനെ നോക്കുമ്പോൾ എഴുപത് എന്നത് – (ഇവിടെ എഴുപത്തി രണ്ട്) ക്രിസ്തുവിന്റെ ദൌത്യത്തിന്റെ സാർവത്രികത വെളിവാക്കുവാൻ വേണ്ടിയാണെന്ന് നമുക്ക് കാണുവാൻ കഴിയും. എന്നെയും നിങ്ങളെയുമെല്ലാം കണ്ടാണ് അവൻ ആ എഴുപത്തിരണ്ടു പേരെ അയയ്ക്കുന്നത്. രണ്ടാം വരവ് വരെ സഭ അനുസ്യൂതം കൊണ്ടുപോകേണ്ടുന്ന ഒരു സവിശേഷ ദൌത്യത്തിന്റെ നൈരന്തര്യത്തെ സൂചിപ്പിയ്ക്കുന്നതാണ് ഈ സുവിശേഷഭാഗമെന്ന് നമുക്ക് കരുതാം.

എത്ര കൃത്യമായ നിർദ്ദേശങ്ങളാണ് അവൻ അവർക്കായി നൽകുന്നതെന്ന് നോക്കു:

1. മടിശ്ശീലയും, സഞ്ചിയും ചെരിപ്പും കരുതേണ്ടതില്ല – അവനവനിൽ ആശ്രയിയ്ക്കേണ്ട കാര്യമില്ല എന്ന് തന്നെ. ചിലപ്പോഴെങ്കിലും നമ്മുടെ മടിശ്ശീലയുടെയും സഞ്ചിയുടെയും കനത്തിലും ഭാരത്തിലുമൊക്കെ യാണല്ലൊ നമ്മൾ പ്രത്യാശവയ് ക്കുന്നത് എന്ന് ഒരല്പം ലജ്ജയോ ടെയല്ലാതെ ഓർക്കാനാകുമോ?

2. വഴിയിൽ വച്ച് അഭിവാദ്യങ്ങൾ സ്വീകരിയ്ക്കേണ്ട – വഴിയോരക്കാഴ്ചകളിൽ അഭിരമിച്ചാൽ ദൌത്യം മറന്നുപോകുമെന്ന അപകടം അവനറിയാം. രാജ്യസേവനത്തിലായിരിയ്ക്കുന്ന പടയാളി, മറ്റൊന്നിലും ശ്രദ്ധ വയ്ക്കുന്നില്ലായെന്നും ദൌത്യ പൂർത്തീകരണത്തിൽ മാത്രം മനസ്സർപ്പിയ്ക്കുന്നുവെന്നും നമുക്കറിയാമല്ലോ.

3. സമാധാനമാശംസിയ്ക്കുക – ചെന്ന് കേറുന്ന ഇടങ്ങളിലെല്ലാം സമാധാനത്തിന്റെ ദൂതരായിരിയ്ക്കുക. വച്ചുകെട്ടുന്നതും മുറിവുണക്കുന്നതും പടുത്തുയർത്തുന്നതുമായ വചനമാണ് അധരത്തിലും ഹൃദയത്തിലുമെന്ന് ഓരോ പ്രഘോഷകനും നിർബന്ധമായും ഓർക്കേണ്ടതുണ്ട് എന്ന് തന്നെയാണ് വചനം സൂചിപ്പി യ്ക്കുന്നത്. വചനപീഠങ്ങൾ സമാശ്വാസത്തിന്റെ, മുറിവുണക്കുന്ന സ്നേഹത്തിന്റെ പ്രഭവ കേന്ദ്രങ്ങ ളാകണം എന്നും അവൻ ആഗ്രഹി യ്ക്കുന്നു. പരനിന്ദയും വെറുപ്പും ധാർഷ്ട്യവും നുണയും അവിടെനിന്ന് ഉയരരുതെന്ന മിനിമം നിർബന്ധമെങ്കിലും പ്രഘോഷകനുണ്ടായിരിയ്ക്കണം. 'എന്റെ ആലയത്തെ കവർച്ചക്കാരുടെ ഗുഹയാക്കരു'തെന്ന അവന്റെ ശബ്ദം കേൾക്കാതെ പോകരുത്.

4. വിളമ്പുന്നത് ഭക്ഷിയ്ക്കുക എന്നും അവനവരോട് നിർദ്ദേശിയ്ക്കുന്നു: നട്ടിടത്ത് പുഷ്പിയ്ക്കുക, നൽകുന്നത് കൃതജ്ഞതയോടെ ഏറ്റു വാങ്ങുക എന്ന ഏറ്റവും ലളിതമായ ജീവിതപാഠമാണ് ക്രിസ്തു മുമ്പോട്ട് വയ്ക്കുന്നത്. നിത്യജീവിതത്തിന്റെ എല്ലാ ക്ലേശങ്ങളെയും തുഴഞ്ഞ് പോകുമ്പോൾ മടുക്കാതെ ഓർക്കാൻ ഈ ഗുരുമൊഴി സഹായകമാകും. "ഈ ദിനത്തിലേയ്ക്ക് എനിയ്ക്കാവശ്യമുള്ള കൃപകൾ ഇങ്ങനെയൊക്കെ ആവണമെന്ന് അവിടുന്ന് നിശ്ചയിച്ചാൽ എതിർക്കാനും കലഹിയ്ക്കാനും നമ്മളാര് കുഞ്ഞേ?"എന്ന സാധകന്റെ പ്രാർത്ഥന പോലെ, അയത്ന ലളിതമായി- ഒരു പൂവ് പോലുമിറുക്കാതെ, ഒരു തളിരിനെപ്പോലും ഉലയ്ക്കാതെ അങ്ങ് കടന്നുപോകണം. 'ഹാ സഫലമീ യാത്ര!'

യാത്രയ്ക്ക് തീർത്ഥമായി അവൻ നൽകുന്ന മന്ത്രവാക്കുണ്ട് ' കൊയ്ത്ത് വളരെ, വേലക്കാരോ ചുരുക്കം' എന്നുള്ളത്. നൽകപ്പെട്ടിട്ടുള്ള ദൌത്യത്തിന്റെ പ്രാധാന്യം ഓരോ നിമിഷവും ആത്മാവിലിരുന്ന് അവനങ്ങനെ മന്ത്രിയ്ക്കുന്നത് നമുക്ക് കേൾക്കാനാകണം. ക്ഷീണമറിയാതെ അധ്വാനിയ്ക്കാൻ – നല്ലവണ്ണം ഓടുവാൻ – ഏറ്റവും കുലീനമായി യുദ്ധം ചെയ്യുവാൻ – അവൻ നമ്മെ പ്രചോദിപ്പിയ്ക്കുന്നത് അപ്രകാരമത്രെ... "എന്റെ ആത്മാവിന്റെ ഖേദമേ, പ്രാണന്റെ പ്രണയമേ, ഇന്നോളം സ് നേഹിയ്ക്കപ്പെടാത്ത സ്നേഹമേ" എന്നൊക്കെ വിശുദ്ധ അഗസ്റ്റിൻ വിലപിയ്ക്കുന്നത് ഈ തിരിച്ചറിവിൽ നിന്നാകണം അല്ലേ?

ഏറ്റവും ഒടുവിലായി ഒരേയൊരു കാര്യം വീണ്ടും വീണ്ടും പറയാൻ അവൻ ആവശ്യപ്പെടുന്നു; ദൈവരാജ്യം ഇതാ വന്ന് ചേർന്നിരിയ്ക്കുന്നു എന്ന 'സു' വിശേഷം. സമാശ്വാസത്തിന്റെ; പ്രത്യാശയുടെ പങ്കുവയ്ക്കൽ. 'ഭയപ്പെടേണ്ട' എന്ന ഗുരുമൊഴി. ഇതാ അവൻ ഇവിടെയുണ്ട് എന്നുള്ള ധൈര്യപ്പെടുത്തൽ. പ്രത്യാശ നഷ്ടപെട്ട ലോകത്തിന് ക്രിസ്തു പ്രതീക്ഷയാകുന്നത് ഇങ്ങനെയൊക്കെയാണ്. മുടന്തി മുടന്തിയാണെങ്കിലും, തെല്ലകലെ ഒരു ഫ്രാൻസിസ് അത്യദ്ധ്വാനം ചെയ്യുന്നതും ഈ സദ്വാർത്ത പങ്കുവയ്ക്കാനായാണ്. പ്രത്യാശയുടെ, പങ്കുവയ്ക്കുന്ന സ്നേഹത്തിന്റെ, ചേർത്തുപിടിയ്ക്കുന്ന കരുണയുടെ സന്ദേശീ. ഇതാ ദൈവരാജ്യം സമാഗതമായിരിയ്ക്കുന്നു. ദൈവം ഇതാ നിനക്ക് കയ്യെത്തി തൊടാനാകുന്ന അത്ര അടുത്ത്... ഇമ്മാനുവേൽ!

## വിജയത്തിന്റെ കേവല തത്വങ്ങൾ

ക്രിസ്തു തന്റെ വേലക്കാരെ വിളവെടുപ്പിനായി പറഞ്ഞയയ്ക്കുമ്പോൾ അവരോട്, വിജയത്തിന്റെ മാനദണ്ഡങ്ങളെക്കുറിച്ചൊന്നും ഓർമിപ്പിയ്ക്കുന്നില്ല. അതെ ആ പഴയ തത്വം തന്നെ; 'നിർമ്മായ കർമ്മണാ ശ്രീ'. ശ്രേഷ്ഠമായ അധ്വാനത്തെക്കുറിച്ച് മാത്രമാണ് അവൻ അവരെ ഓർമിപ്പിയ്ക്കുന്നത്.

അദ്ധ്വാനത്തിന്റെ വിജയത്തിൽ ആഹ് ളാദിയ്ക്കാൻ ഒരുമ്പെടുന്നവരെ അവൻ തിരുത്തുന്നുമുണ്ട്, 'അതിലൊന്നും വല്യേ കാര്യമില്ലാ ട്ടാ.' സ്വർഗ്ഗത്തിലെ ദിനസരിയിൽ നിങ്ങടെ പേര് കുറിയ്ക്കപ്പെട്ടിട്ടുണ്ട് എന്നുള്ളതിൽ ആനന്ദിയ്ക്കാൻ അവരോട് അവൻ ആവശ്യപ്പെടുന്നത് അതുകൊണ്ടാണ്. 'വിജയിയാകാനല്ല, വിശ്വസ്തയായിരിയ്ക്കാനാണ് താൻ

വിളിയ്ക്കപ്പെട്ടത്' എന്ന് കൊൽക്കത്തയിലെ അമ്മ തെരേസ വിളിച്ചുപറയുന്നതും ഈ മർമ്മം അമ്മയ്ക്ക് പിടികിട്ടിയത് കൊണ്ടാണ്.

വിജയങ്ങളുടെ കേവലാനന്ദങ്ങളിൽ നിന്ന് തിരിഞ്ഞുനടക്കാനാണ് ക്രിസ്തു നമ്മെ ഓർമിപ്പിച്ചുകൊണ്ടിരിയ്ക്കുന്നത്. വിജയങ്ങളുടെ അവസാനം വലിയ ശൂന്യത അവശേഷിയ്ക്കുമെന്നുള്ളതു കൊണ്ട് കൂടിയാകാം അവൻ നമ്മെ തിരുത്തുന്നത്. ശൂന്യമായ ഇടങ്ങളെല്ലാം പിശാചിന്റെ പണിപ്പുരകളായി മാറാൻ ഇടയുള്ളതുകൊണ്ടാണ് അവൻ നിത്യമായ ആനന്ദത്തിലേയ്ക്ക് പ്രവേശിയ്ക്കാൻ നമ്മളോട് ആവശ്യപ്പെടുന്നത്. കടൽതീരത്തെ ശംഖിന്റെ പുറഭംഗിയിൽ നിന്ന് അകത്തെ സമുദ്രത്തിന്റെ ആഴങ്ങളിലേയ്ക്ക് പ്രവേശിയ്ക്കാനുള്ള ക്ഷണം. അവനല്ലെങ്കിലും എപ്പോഴും ആഴങ്ങളെ പ്രണയിച്ചിരുന്നല്ലോ..

"ശിമയോനെ, നീ ആഴത്തിലേയ്ക്ക് വലയെറിയുക..."



## സകലർക്കും വേണ്ടിയൊരുക്കിയിട്ടുള്ള രക്ഷ

ശിമയോന്റെ മുന്നിൽ കെട്ടിയിറക്കപെട്ട കുട്ടയെക്കുറിച്ച് കേരളത്തിലെ സഭ കാര്യമായി ധ്യാനിയ്ക്കേണ്ടുന്ന കാലഘട്ടമാണിത് എന്ന് തോന്നുന്നുണ്ട്. 'ദൈവം വിശുദ്ധമാക്കിയതിനെ നീ അശുദ്ധമെന്ന് വിളിയ്ക്കുന്നുവോ' എന്നുള്ള ഗദ്ഗദത്തിന്റെ സ്വരം അപ്പോൾ കൃത്യമായും കേൾക്കാം. 'കള പറിയ്ക്കാൻ' തിടുക്കപ്പെടുന്ന വേലക്കാരോട് അവന് പറയുന്നതും മറ്റൊന്നല്ല, അത് ഞാൻ നോക്കികൊള്ളാം, നിങ്ങടെ അറിവ് പോരാതെ വരുമെന്ന്. അല്ലെങ്കിൽ തന്നെ പ്രിയപ്പെട്ട ബോബിയച്ചൻ വ്യാകുലപ്പെടുന്നത് പോലെ ഏതാണ് വിള അല്ലെങ്കിൽ ഏതാണ് കള..? നെല്ല് വിതച്ച പാടത്ത് എള്ള് കളയാകുന്നതും, എള്ള് വിതച്ചിടത്ത് നെല്ല് കളയാകുന്നതും എത്ര കണ്ടവരാണ് നമ്മൾ. 'അപരൻ നരകമെന്ന' സാർത്രിന്റെ വിശ്വാസ പ്രമാണത്തിൽ നടന്നു തുടങ്ങിക്കഴിഞ്ഞ നമുക്ക്, 'എല്ലാ ജനങ്ങൾക്കും വേണ്ടിയൊരുക്കിയ' സാർവത്രിക രക്ഷയുടെ, സർവ്വലോകത്തിനുമായയൊരുക്കപ്പെട്ട മഹാവിരുന്നിന്റെ ദൂത് മനസിലാകാതെ പോകുന്നത് അന്ധർ അന്ധരെ നയിയ്ക്കുന്നതു കൊണ്ടാണോ അതോ, അവനിൽ നിന്ന് നമ്മൾ ഏറെ ദൂരം അകലെയായിരിയ്ക്കുന്നത് കൊണ്ടോ? പ്രത്യയശാസ്ത്രം നഷ്ടപെട്ട പോരാളി, ശത്രുവിന്റെ കൈവാളായി മാറുമെന്നുള്ള പഴമൊഴി മറക്കാതിരിയ്ക്കാം.

ഏറ്റം ഒടുവിലായി, കാമ്പില്ലാത്ത കലഹങ്ങളുടെയും ബഹളങ്ങളുടെയും ഇടയിൽ ഈ എഴുതുന്നതും പറയുന്നതുമൊന്നും ആരും കേൾക്കുകയോ കാണുകയോ ചെയ്യുന്നില്ലല്ലോ എന്ന് നൊമ്പരപ്പെടുമ്പോൾ, ഉള്ളിലിരുന്ന് അവൻ പതുക്കെ പറയുന്നുണ്ട്, 'ഇതൊന്നും മറ്റുള്ളവർക്ക് വേണ്ടി എഴുതുന്നതല്ല ചങ്ങാതി, നിന്റെ തന്നെ ഉള്ളിലെ വിത്തിന് വളരാൻ വേണ്ടിയുള്ളതാണ്' എന്ന്. ആത്മാവിൽ മഞ്ഞുപെയ്യുന്നത് വെറുമൊരു അലങ്കാര പ്രയോഗമല്ല എന്നെനിയ്ക്ക് ഇപ്പോൾ ഉറപ്പായും പറയാനാകുന്നുണ്ട്. അവന് വേണ്ടി എഴുതുന്നതും പറയുന്നതുമൊന്നും അങ്ങനെയങ്ങ് ചുമ്മാ പാഴാകില്ലിഷ്ടാ!

അല്ലെങ്കിൽ തന്നെ, അവൻ നൽകിയ ആ വാഴ്വുണ്ടല്ലോ, 'ഹാ സുവിശേഷം പ്രസംഗിയ്ക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരമെന്ന്' , അത് മതി..അത് മാത്രം മതി ലോകം മുഴുവൻ അവനു വേണ്ടി യാത്രപോകുവാൻ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com